## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം.3314.** **19/06/2019 - ൽ മറുപടിക്ക്**

## കേന്ദ്ര സർക്കാരിന്റെ കരട് വിദ്യാഭ്യാസനയം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | ഡോ.കെ.ടി.ജലീൽ<br>(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) ദേശീയ വിദ്യാഭ്യാസ നയം 2019 ന്റെ കരട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച സാഹചര്യത്തിൽ ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം തേടിയിട്ടുണ്ടോ;<br><br>(ബി) സർവ്വകലാശാലകളിൽ നിലവിലുള്ള, അഫിലിയേറ്റിംഗ്, ഡീംഡ് പോലുള്ള സങ്കീർണ്ണ ഘടനകളെ ഒഴിവാക്കി ഗവേഷണത്തിനും സമഗ്ര അദ്ധ്യാപനത്തിനുമുള്ള കേന്ദ്രങ്ങളായി സർവ്വകലാശാല മാറണമെന്ന പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിലെ ശിപാർശ സ്വാഗതാർഹമാണോ; ഇത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ;<br><br>(സി) മുഴുവൻ കോളേജുകളെയും ബിരുദം നൽകുന്ന സ്വയംഭരണ പദവിയിലേക്ക് ഉയർത്തണമെന്ന നിർദ്ദേശം അംഗീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിനുള്ള എതിർപ്പ് കേന്ദ്ര സർക്കാരിനെ അറിയിക്കുമോ? | (എ) യും, (ബി) യും, (സി) യും | മാധ്യമങ്ങൾ വഴിയും അല്ലാതെയും കരട് ദേശീയ വിദ്യാഭ്യാസ നയം സംബന്ധമായ അഭിപ്രായങ്ങൾ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന് ഇതുമായി ബന്ധപ്പെട്ട് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. അഭിപ്രായങ്ങൾ സമർപ്പിക്കാനുള്ള അവസാന തീയതി ജൂൺ 30 ആണ്. ജൂൺ 29 ന് ഒരു വിദഗ്ധ സമിതിയുടെ നേതൃത്വത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ സംസ്ഥാനത്തെ സർവ്വകലാശാലകളെയും മറ്റ് ഗവേഷണ സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ച് കൊണ്ട് കേന്ദ്ര സർക്കാരിന്റെ കരട് വിദ്യാഭ്യാസ നയം വിശകലനം ചെയ്യുന്നതിന് ഒരു സെമിനാർ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത സെമിനാറിൽ രൂപപ്പെടുന്ന നിർദ്ദേശങ്ങളും, വിമർശനങ്ങളും കേന്ദ്രസർക്കാരിനെ അറിയിക്കാനുള്ള രേഖയാക്കി മാറ്റും. |

**സെക്ഷൻ ഓഫീസർ**